പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2792 — 14.2.2013 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ.കളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ഡോമിനിക് പ്രസന്റേഷൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ കൾ നവീകരിച്ച് സ്കിൽ വികസന രംഗത്തുള്ള കുതിച്ച് ചാട്ടത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | *(എ)& (ബി)* ഉണ്ട്. വ്യാവസായിക പരിശീലന രംഗത്ത് ഗുണമേന്മയുള്ള പരിശീലനം ഉറപ്പ് വരുത്തുകയാണ് പ്രധാന ലക്ഷ്യം. ആദ്യപടിയായി സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നിലവാരത്തെക്കുറിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. പോലുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് നേടിയെടുക്കുക, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം പരിശീലനത്തിന് പ്രയോജനപ്പെടുത്തുക, പുതിയതും ആധുനികവുമായ യന്ത്ര സാമഗ്രികളുടെ സംഭരണം, വ്യവസായിക രംഗത്തെ പ്രമുഖ കമ്പനികളുമായി പരിശീലനത്തിന് സഹായകരമായ കരാറുകളിൽ ഏർപ്പെടുക എന്നിവയും ലക്ഷ്യമിടുന്നു. ഇതിനകം വെർച്വൽ ക്ലാസ് റൂം സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. മാരുതി, ടയോട്ട, വോക്സ് വാഗൺ, ഓട്ടോഡസ്ക് എന്നീ പ്രമുഖ കമ്പനികളുമായി കരാറിലേർപ്പെട്ടുകഴിഞ്ഞു. കൂടാതെ പരിശീലനം നേടിയവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് www.skillsjobs.gov.in എന്ന ജോബ് പോർട്ടൽ നടപ്പാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ മോഡുലാർ എംപ്ലോയബിൾ സ്കിൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | *(സി) & (ഡി)* സംസ്ഥാന ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ, ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ മാരുതി, ടയോട്ട, വോക്സ് വാഗൺ, ഓട്ടോഡസ്ക് എന്നീ പ്രമുഖ കമ്പനികളുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ